# File No.HEDN-F2/313/2019-HEDN

'ഭരണഭാഷ- മാതൃഭാഷ'

## കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - തൃശ്ശൂർ ഗവ. ലോ കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയ ശ്രീ.രഘുനാഥൻ.എ.പി - യുടെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.14/2020/ഉ.വി.വ     തീയതി,തിരുവനന്തപുരം, 03/01/2020**

---

പരാമർശം:- 1 സ.ഉ(സാധാ) നം.1002/2018/ഉ.വി.വ തീയതി 23.05.2018.

2 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 09.12.2019 - ലെ സി1/22108/2019/കോ.വി.വ നം.കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ.രഘുനാഥൻ.എ.പി തിരുവനന്തപുരം ഗവ.ലോ കോളേജിൽ 05.06.2018 പൂർവ്വാഹ്നം പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും, ടിയാന്റെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലെ നിരീക്ഷണകാലം 04.12.2018 അപരാഹ്നം പ്രാബല്യത്തിൽ പൂർത്തിയാകുന്നതിനാൽ, നിരീക്ഷണകാലം 05.12.2018 പൂർവ്വാഹ്നം പ്രാബല്യത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ഗവ.ലോ കോളേജിൽ 05.06.2018 പൂർവ്വാഹ്നം പ്രാബല്യത്തിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി ജോലിയിൽ പ്രവേശിച്ച നിലവിൽ തൃശ്ശൂർ ലോ കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയ ശ്രീ.രഘുനാഥൻ.എ.പി - യുടെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലെ നിരീക്ഷണകാലം 05.12.2018 പൂർവ്വാഹ്നം പ്രാബല്യത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
L KUSALA KUMARI
**അണ്ടർ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിയ്ക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ / ഡയറക്ടർ, ഐ&പി.ആർ.ഡി
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ